# അഭിനവ ലങ്കാദഹനം

**ലോകത്തെ** ഏറ്റവും വ്യവസ്ഥാപിതവും സുസജ്ജവുമായ എൽ.ടി.ടി.ഇ എന്ന ഭീകരപ്രസ്ഥാനം ദയനീയമായ പരാജയത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. വിശാലമായ വടക്കൻ ശ്രീലങ്കയിലെ മർമപ്രധാനമായ കേന്ദ്രങ്ങളേറെയും അവർ കൈവിട്ടുകഴിഞ്ഞു. ഇപ്പോൾ ആറേഴു കിലോമീറ്റർ മാത്രം വിസ്തീർണമുള്ള മുള്ളിവക്കൽ എന്ന സ്ഥലത്ത് ശ്രീലങ്കൻ സേനയാൽ വളയപ്പെട്ട അവസ്ഥയിലാണവർ. മുപ്പതോളം രാഷ്ട്രങ്ങൾ ഭീകരരുടെ പട്ടികയിൽ ഉൾപ്പെടുത്തിയ എൽ.ടി.ടി.ഇയുടെ പതനത്തിൽ ആകുലപ്പെടാൻ ഏറെയാരും ഉണ്ടാവില്ല. മനുഷ്യസ്നേഹികളെയും സമാധാന പ്രേമികളെയും ആകുലപ്പെടുത്തുന്നത് സിംഹത്തിന്റെയും പുലിയുടെയും പോരിനിടയിൽപെട്ട നിരപരാധികളായ സാധാരണ ജനലക്ഷങ്ങളുടെ അവസ്ഥയാണ്. ആയിരങ്ങൾ ഇതിനകം കൊല്ലപ്പെട്ടു. പതിനായിരങ്ങൾ നാടും വീടും നഷ്ടപ്പെട്ട്, മുറിവേറ്റ ശരീരങ്ങളും ചോരപുരണ്ട വസ്ത്രങ്ങളുമായി എങ്ങോട്ടെന്നില്ലാതെ ഓടുന്നു. കോൺസൻട്രേഷൻ ക്യാമ്പുകളെ വെല്ലുന്ന ദുരിതാശ്വാസ കേന്ദ്രങ്ങളാണ് അവരെ കാത്തിരിക്കുന്നത്. പുലികൾക്കും സിംഹങ്ങൾക്കും ഇടയിൽ കുടുങ്ങി പട്ടിണി മരണവും കാത്തുകഴിയുന്ന ലക്ഷങ്ങൾ വേറെയുമുണ്ട്.

ഐതിഹാസിക ലങ്കാദഹനം സിംഹളരുടെ പൂർവികരായ രാവണവംശത്തിനെതിരെ ഇന്ത്യയിൽനിന്നെത്തിയ രാമസേന നടത്തിയതാണെങ്കിൽ, ഇന്ത്യയിൽനിന്ന് കുടിയേറിയവരെന്ന് കരുതപ്പെടുന്ന തമിഴരുടെ ഉന്മൂലനാർഥം സിംഹളർ നടത്തുന്നതാണ് അഭിനവ ലങ്കാദഹനം. തികഞ്ഞ വംശവിഛേദനയുദ്ധം തന്നെയാണ് ശ്രീലങ്കൻ സർക്കാർ പൊതുദൃഷ്ടിയിൽനിന്ന് മറച്ചുവെച്ച് ഫലപ്രദമായി നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. കഴിഞ്ഞ നൂറ്റാണ്ടിന്റെ മധ്യത്തിൽ ശ്രീലങ്ക ബ്രിട്ടനിൽനിന്ന് സ്വാതന്ത്ര്യം നേടിയതോടെ പുകഞ്ഞു തുടങ്ങിയതാണ് അവിടത്തെ വംശീയ പ്രശ്നം. സിംഹള ഭൂരിപക്ഷ ദേശീയതയെയും തമിഴ് ന്യൂനപക്ഷ ദേശീയതയെയും സന്തുലിതവും ഉത്ഗ്രഥിതവുമാക്കാൻ രാഷ്ട്രീയ നേതൃത്വത്തിനു കഴിയാതെ പോയതാണ് ഇതിനു കാരണം. ഇവിടെ ചിലർ 'ഇന്ത്യ ഹിന്ദുക്കളുടേത് മാത്രം' എന്ന ഭ്രമത്തിനടിപ്പെട്ടതുപോലെ സിംഹളർ ശ്രീലങ്ക സിംഹളരുടേതു മാത്രം എന്ന ഭ്രമത്തിനടിപ്പെട്ടു. തമിഴ് വംശജർ ക്രൂരമായ വിവേചനത്തിനും വംശനശീകരണത്തിനുമിരയായി. പതിനായിരക്കണക്കിൽ തമിഴ് തൊഴിലാളികൾ രാജ്യത്തുനിന്ന് പുറത്താക്കപ്പെട്ടു. 1958ലും 1983ലും വൻതോതിൽ കൂട്ടക്കൊലകൾ അരങ്ങേറി. തമിഴൻ സ്വന്തം ജീവനെപ്പോലെ കരുതുന്ന അവന്റെ ഭാഷക്ക് ഭരണഘടനാപരമായ ഔദ്യോഗിക പദവിയും വിനിമയ പദവിയും നിഷേധിക്കപ്പെട്ടു. ഉദ്യോഗങ്ങളിൽനിന്നും പ്രഫഷനൽ വിദ്യാലയങ്ങളിൽനിന്നും തമിഴ് വംശജർ തഴയപ്പെട്ടു. വടക്കൻ ശ്രീലങ്കയിലെ തമിഴ് ഭൂരിപക്ഷ കേന്ദ്രത്തേക്ക് സിംഹളർ വൻതോതിൽ കുടിയേറ്റം നടത്തി. ഈ അനീതികൾക്കെതിരെ തമിഴർ സംഘടിച്ചു ശബ്ദമുയർത്തി, സ്വന്തം പ്രദേശങ്ങളിൽ പ്രാദേശിക സ്വയം ഭരണം ആവശ്യപ്പെട്ടു. സിംഹള ഗവൺമെന്റ് ഒന്നും ചെവികൊണ്ടില്ല. നീതി കിട്ടാൻ ആയുധമെടുക്കുകയല്ലാതെ ഗത്യന്തരമില്ലെന്ന് തമിഴർക്ക് തോന്നി. അതേത്തുടർന്നാണ് തമിഴർ പുലികളാകുന്നത്.

1958-ൽ തമിഴ് വംശജർക്കെതിരെ സിംഹളർ നടത്തിയ നിഷ്ഠുരമായ കൂട്ടക്കൊലയാണ് സൈനിക ചിന്തയിലേക്ക് നയിച്ചതെന്ന് പുലി നേതാവ് വേലുപ്പിള്ള പ്രഭാകരൻ പറയുന്നുണ്ട്. '70-ൽ അദ്ദേഹം തമിഴ് വിമോചന സേന സംഘടിപ്പിച്ചു. ഇന്ത്യ അതിനദ്ദേഹത്തെ അകമഴിഞ്ഞു സഹായിച്ചു. വിവിധ രാജ്യങ്ങളിലെ പ്രവാസി തമിഴരിൽനിന്ന് നിർലോഭമായ സാമ്പത്തിക സഹായം ലഭിച്ചു. വിമാനങ്ങളും അന്തർവാഹിനികളുമടക്കമുള്ള യുദ്ധ സജ്ജീകരണങ്ങൾ എൽ.ടി.ടിഇയുടെ കൈകളിൽ വന്നു ചേർന്നു. പിന്നീടങ്ങോട്ട് മനുഷ്യർ പുലികളായാൽ എങ്ങനെയിരിക്കുമെന്ന് ലോകത്തിനു കാണിച്ചുകൊടുക്കുകയായിരുന്നു വേലുപ്പിള്ള പ്രഭാകരൻ. ഗറില്ലാ യുദ്ധം, ചാവേർ ആക്രമണം, കടൽകൊള്ള, ആസൂത്രിതമായ കൊലപാതകങ്ങൾ. ഇതിനൊന്നും രാജ്യാതിർത്തികൾ പോലും പുലികൾക്ക് തടസ്സമായില്ല. ശ്രീലങ്കയിൽ തമിഴരേക്കാൾ ന്യൂനപക്ഷമായ മുസ്ലിംകളെയും അവർ നിഷ്ഠുരമായ കൂട്ടക്കൊലകൾക്കിരയാക്കിക്കൊണ്ടിരുന്നു. ഇന്ത്യയിൽ കടന്നുകയറി മുൻ പ്രധാനമന്ത്രി രാജീവ് ഗാന്ധിയെ വധിച്ചു. മനുഷ്യർ ഹിംസ്ര ജന്തുക്കളായാൽ അങ്ങനെയാണ്, കണ്ടവരുടെയൊക്കെ മേൽ ചാടിവീഴും. മാന്തിക്കീറി കൊല്ലും. അതിനൊക്കെ അവർക്ക് ന്യായമുണ്ട്. വ്യവസ്ഥാപിത സമൂഹത്തിന്റെ നീതിയും നിയമവും ഞങ്ങൾക്ക് മർദനത്തിന്റെയും അവകാശ നിഷേധത്തിന്റെയും ഉപകരണങ്ങളായി അനുഭവപ്പെടുമ്പോൾ ഞങ്ങളെങ്ങനെ നിയമവിധേയരാകും?

ഇന്നിപ്പോൾ എൽ.ടി.ടി.ഇ ഇന്ത്യയുടെ കണ്ണിൽ കൊടും ഭീകരരാണ്. താലിബാനും ലശ്കറെ ത്വയ്യിബയും അവയുടെ പിതാക്കളായ അമേരിക്കക്കും പാകിസ്താനും കൊടും ഭീകരരായതുപോലെ. ചിന്തിക്കുന്ന മനുഷ്യർക്ക് ഇതിൽ വലിയ പാഠമുണ്ട്; പ്രത്യേകിച്ച് ഭീകര പ്രസ്ഥാനങ്ങൾ ഉടലെടുക്കാൻ പശ്ചാത്തലമൊരുക്കുന്നവർക്കും ഭീകര പ്രസ്ഥാനങ്ങൾക്ക് ഒത്താശ ചെയ്യുന്നവർക്കും. നീതിയും സമത്വവും നടപ്പിലാക്കാൻ ചുമതലപ്പെട്ട സാമൂഹിക സംവിധാനം, സമൂഹത്തിലെ ചിലർക്ക് അത് രണ്ടും നിഷേധിക്കുന്നിടത്താണ് നൈതിക സംവിധാനത്തെയും നിയമവാഴ്ചയെയും വെല്ലുവിളിക്കുന്ന ഭീകരപ്രസ്ഥാനങ്ങൾ മുളച്ചു പൊന്തുന്നത്. താൽക്കാലിക ലാഭങ്ങൾക്കു വേണ്ടി അതിനെ പാലൂട്ടി വളർത്തുന്നവർക്കുതന്നെ ഒടുവിൽ അത് ഒഴിവാക്കാനാവാത്ത വിനയായിത്തീരുന്നു.

എൽ.ടി.ടി.ഇയെ നശിപ്പിക്കാൻ ശ്രീലങ്കൻ സൈന്യത്തിനു കഴിഞ്ഞേക്കാം. പക്ഷേ, എൽ.ടി.ടി.ഇ പ്രതിനിധാനം ചെയ്യുന്ന അടിസ്ഥാനാശയങ്ങളെ പരാജയപ്പെടുത്താൻ ഒരു സൈന്യത്തിനും കഴിയില്ല. ഒരു എൽ.ടി.ടി.ഇ തുടച്ചുനീക്കപ്പെട്ടാൽ താമസംവിനാ മറ്റൊരു പുലിപ്പട രംഗപ്രവേശം ചെയ്യും. അതൊഴിവാക്കണമെങ്കിൽ ശ്രീലങ്കൻ സർക്കാർ ആ അടിസ്ഥാനാശയങ്ങൾ അംഗീകരിക്കാൻ തയാറാവണം. തമിഴ് ന്യൂനപക്ഷങ്ങളുടെ സംരക്ഷണം ഏറ്റെടുക്കുകയും അവകാശങ്ങൾ അംഗീകരിക്കുകയും അധികാരത്തിൽ അവർക്ക് ന്യായമായ പങ്ക് അനുവദിക്കുകയും ചെയ്യുന്ന വിധത്തിൽ ശ്രീലങ്കൻ രാഷ്ട്രീയ വ്യവസ്ഥ പുനഃക്രമീകരിക്കുകയാണ് യഥാർഥ പരിഹാരം. ■